# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.60 — 29.06.2015-ൽ മറുപടിക്ക്

**ചോദ്യം** — **ഉത്തരം**

ശ്രീമതി. കെ.എസ്. സലീഖ
ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ. പുരുഷൻ കടലുണ്ടി

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന
നിർമ്മാണവും വകുപ്പു മന്ത്രി

**കഴിഞ്ഞ നാല് വർഷത്തെ ബഡ്ജറ്റുകളിൽ നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികൾ**

| | | |
|---|---|---|
| (എ) | കഴിഞ്ഞ നാല് വർഷത്തെ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പിലാക്കാൻ സാധിക്കാത്തവയെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച് പൊതുവായ അവലോകനം നടത്താറുണ്ട്. പ്രഖ്യാപിച്ച പദ്ധതികളിൽ ചിലതൊക്കെ സാങ്കേതികവും ഭരണപരവുമായ കാരണങ്ങളാൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല എന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത്തരത്തിൽ പദ്ധതികൾ നടപ്പിലാക്കാത്തതു മൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടം എത്രയാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | ഇല്ല |
| (സി) | പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് തുടർ പ്രവർത്തികൾ ചെയ്യേണ്ടുന്നതിൽ വീഴ്ച വരുന്നതിന്റെ പ്രധാന കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | പദ്ധതി പ്രവർത്തനങ്ങളുടെ നിർവ്വഹണവും തുടർ പ്രവർത്തനങ്ങളും പ്രവർത്തന വീഴ്ചകളും സംബന്ധിച്ച് വകുപ്പുതല യോഗങ്ങളിലും സെക്രട്ടറിതല യോഗങ്ങളിലും വിലയിരുത്തൽ നടത്താറുണ്ട്. |
| (ഡി) | 2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ നടപ്പിലാക്കിയതിന്റെ നിജസ്ഥിതി സി & എ.ജി വിലയിരുത്തുകയുണ്ടായിട്ടുണ്ടോ; ഇതേ | കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ നയപരിപാടികൾ, വിവിധ വകുപ്പുകൾ, ജനപ്രതിനിധികൾ, സംഘടനകൾ, തുടങ്ങിയവർ സമർപ്പിക്കുന്ന പദ്ധ |

| | | |
|---|---|---|
| | ക്കുറിച്ചുള്ള ധനകാര്യ വകുപ്പിന്റെ നിലപാട് വിശദമാക്കുമോ? | തികളേയും, നിർദ്ദേശങ്ങളേയും പൊതുവായി വിലയിരുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ബഡ്ജറ്റിൽ പ്രഖ്യാപനങ്ങൾ സാധാരണയായി ഉൾപ്പെടുത്താറുള്ളത്. ഇത്തരത്തിൽ പ്രഖ്യാപിക്കുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ നിർവ്വഹണ ചുമതല ബന്ധപ്പെട്ട ഭരണ വകുപ്പുകളിൽ നിക്ഷിപ്തമാണ്. അതാത് സാമ്പത്തിക വർഷങ്ങളിൽ തന്നെ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് സാധാരണ ഗതിയിൽ ഭരണ വകുപ്പുകൾ നടപടി സ്വീകരിക്കാറുണ്ട്. എന്നാൽ ഭൂമി ഏറ്റെടുക്കൽ, പാരിസ്ഥിതികാനുമതി തുടങ്ങിയ സാങ്കേതിക കാരണങ്ങളാലും മറ്റ് ഭരണപരമായ കാരണങ്ങളാലും പ്രഖ്യാപിച്ച ചില പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ബഡ്ജറ്റിൽ പ്രഖ്യപിച്ച പദ്ധതികളുടെ നിർവ്വഹണത്തിൽ വന്നു ചേരുന്ന കാലതാമസം ഒഴിവാക്കുന്നതിന് വകുപ്പു തലത്തിൽ പ്രത്യേക മേൽനോട്ടം ഉറപ്പുവരുത്തുന്നതിനും പദ്ധതി രൂപീകരണ വേളയിൽ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും മറ്റും ഭരണവകുപ്പുകൾക്ക് പ്രത്യേക നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ